90 (408) ബഡ്ജറ്റിൽ അനുവദിച്ച ട്രെയിനുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-ാമാണ്ടിലേക്കുള്ള റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തു നിന്നും ഏതെല്ലാം പുതിയ ട്രെയിൻ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു;

(ബി) ഇവയിൽ ഏതെല്ലാം ആരംഭിച്ചു;

(സി) ഇതുവരെ ആരംഭിക്കാത്ത ട്രെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം വിധത്തിലുള്ള സ്വാധീനം കേന്ദ്ര ഗവൺമെന്റിൽ ചെലുത്തിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൂനെ-എറണാകുളം എക്സ്പ്രസ്, ആഴ്ചയിൽ ഒരിക്കൽ മാത്രം ഉള്ള നിസാമുദീൻ എറണാകുളം സഹസ്രാബ്ദം എക്സ്പ്രസ് എന്നിവയാണ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്.

(ബി) ആഴ്ചയിൽ ഒരിക്കൽ മാത്രം ഉള്ള നിസാമുദീൻ-എറണാകുളം സഹസ്രാബ്ദം എക്സ്പ്രസ് ട്രെയിൻ മാത്രമേ ആരംഭിച്ചിട്ടുള്ളൂ.

(സി) ബഡ്ജറ്റ് വാഗ്ദാനത്തിൽ ഉൾപ്പെടുത്തിയിരുന്ന പൂനെ-എറണാകുളം എക്സ്പ്രസ് ട്രെയിൻ ഉടൻ ആരംഭിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്നതാണ്.

91 (409) റെയിൽവേ ലൈൻ ലഭ്യമാക്കാൻ നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ തീവണ്ടിപ്പാതകൾ സംബന്ധിച്ച ഏതൊക്കെ പദ്ധതികളെക്കുറിച്ച് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ട്;

(ബി) ഹൈറേഞ്ച് വഴി മധുരയിലേയ്ക്കും കൊട്ടാരക്കരയിൽനിന്നും തിരുവനന്തപുരത്തേക്കും റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) ശബരി റെയിൽവേ പദ്ധതി ഏതു ഘട്ടത്തിലാണ്;

(ഡി) സംസ്ഥാനത്ത് കൂടുതൽ റെയിൽവേ സൗകര്യങ്ങൾ ലഭിക്കുവാൻ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) അങ്കമാലി-ശബരിമല, കോട്ടയം-എരുമേലി, കുറ്റിപ്പുറം-ഗുരുവായൂർ എന്നീ പദ്ധതികളെക്കുറിച്ച് സംസ്ഥാന സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly